**അധ്യായം 1:** ശിലായുഗത്തിൽ നിന്ന് മുന്നോട്ട്

1. ആയുധങ്ങൾ നിർമ്മിക്കാൻ ഉപയോഗിച്ച വസ്തുക്കളുടെ അടിസ്ഥാനത്തിൽ ചരിത്രകാരന്മാർ മനുഷ്യചരിത്രത്തെ എങ്ങനെ തിരിച്ചിരിക്കുന്നു? അല്ലെങ്കിൽ ശിലായുഗത്തിന്റെ മൂന്ന് വർഗ്ഗീകരണങ്ങൾ ഏവ?
    - ശിലായുഗം: പാലിയോലിത്തിക് (പുരാശിലായുഗം), മെസോലിത്തിക് (മധ്യശിലായുഗം), നിയോലിത്തിക് (നവശിലായുഗം).
    - ലോഹയുഗം: വെങ്കലയുഗം, ഇരുമ്പുയുഗം.
2. എന്താണ് ശിലായുഗം?
    - മനുഷ്യർ ആയുധങ്ങളും ഉപകരണങ്ങളും നിർമ്മിക്കാൻ കല്ലുകൾ ഉപയോഗിച്ചിരുന്ന കാലഘട്ടമാണ് ശിലായുഗം.
    - ശിലായുഗത്തെ പുരാശിലായുഗം, മധ്യശിലായുഗം, നവശിലായുഗം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു.
3. പ്രാചീന ശിലായുഗത്തിലെ ജീവിതരീതി എങ്ങനെയുള്ളതായിരുന്നു?
    - പരുക്കൻ (മിനുസപ്പെടുത്താത്ത) കല്ലായുധങ്ങളാണ് ഉപയോഗിച്ചിരുന്നത്.
    - നായാട്ടായിരുന്നു പ്രധാന ഉപജീവനമാർഗ്ഗം.
    - പെബിൾ ടൂളുകൾ, ബൈഫേസ് കോർ ടൂളുകൾ, ഫ്ലേക് ടൂളുകൾ എന്നിവയായിരുന്നു വിവിധ ഘട്ടങ്ങളിൽ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ.
4. പ്രാചീന ശിലായുഗത്തിൽ ആയുധങ്ങളുടെ ഉപയോഗത്തിൽ ഉണ്ടായിരുന്ന മൂന്ന് ഘട്ടങ്ങൾ ഏവ?
    - ഉപയോഗപ്പെടുത്തൽ (Utilisation): ലഭ്യമായ കല്ലുകളുടെ ആകൃതി മാറ്റാതെ ഉപയോഗിക്കുന്ന രീതി.
    - രൂപപ്പെടുത്തൽ (Fashioning): കല്ലുകളുടെ ആകൃതി ആവശ്യാനുസരണം മാറ്റി ഉപയോഗിക്കുന്ന രീതി.
    - ക്രമപ്പെടുത്തൽ (Standardisation): ഓരോ ആവശ്യത്തിനും പ്രത്യേകം ആയുധങ്ങൾ നിർമ്മിക്കുന്ന രീതി.
5. എന്താണ് കോർ (Core), ഫ്ലേക് (Flake)?
    - ഒരു കല്ല് കഷണങ്ങളായി പൊട്ടുമ്പോൾ കിട്ടുന്ന വലിയ ഭാഗത്തെ കോർ എന്ന് വിളിക്കുന്നു.
    - കല്ലിന്റെ ചെറിയ കഷണങ്ങളെ ഫ്ലേക് എന്ന് വിളിക്കുന്നു.

6. ആദിമ മനുഷ്യരുടെ കലാസൃഷ്ടികളെക്കുറിച്ച് കുറിപ്പ് എഴുതുക.

- ഷോവെ (Chauvet), ലാസ്കോ (Lascaux) ഗുഹകളിലെ മൃഗങ്ങളുടെ ചിത്രങ്ങളും കൊത്തുപണികളും ആചാരങ്ങളുമായോ വിശ്വാസങ്ങളുമായോ ബന്ധപ്പെട്ടതാണെന്ന് കരുതപ്പെടുന്നു.
- കുസാക്ക് ഗുഹയിലെ സ്ത്രീരൂപവും റഷ്യയിലെ സറൈസ്കിലെ വീനസ് വിഗ്രഹവും ഇതിന് ഉദാഹരണങ്ങളാണ്.
- സ്പെയിനിലെ ലാ ഗർമ ഗുഹയിൽ നിന്ന് ലഭിച്ച എല്ലുകളിൽ കൊത്തിയ ചിത്രങ്ങൾ അന്നത്തെ മനുഷ്യരുടെ കലാപരമായ കഴിവിന് തെളിവാണ്.

7. പ്രാഗൈതിഹാസിക കാലത്തെ ഗുഹാചിത്രങ്ങൾ ഇത്രയും കാലം നിലനിൽക്കാൻ കാരണമെന്ത്?
   - സസ്യങ്ങൾ, മരത്തോൽ, പഴങ്ങൾ എന്നിവ അരച്ച് ചുവന്ന കല്ലുപൊടിയുമായി ചേർത്താണ് നിറങ്ങൾ ഉണ്ടാക്കിയിരുന്നത്.
   - സൂര്യപ്രകാശം എത്താത്ത ഗുഹകളുടെ ഉൾഭാഗങ്ങളിലാണ് ഈ ചിത്രങ്ങൾ വരച്ചിരുന്നത്.
   - കല്ല് കൊണ്ടുള്ള സൂചികളും മൂർച്ചയുള്ള ആയുധങ്ങളും ഉപയോഗിച്ചാണ് കൊത്തുപണികൾ നടത്തിയത്.
   - ഗുഹകളുടെ മേൽത്തട്ടുകളിലും ചിത്രങ്ങൾ കാണാം.
8. പ്രാചീന ശിലായുഗത്തിന്റെ അഞ്ച് സവിശേഷതകൾ എഴുതുക.
   - മിനുസപ്പെടുത്താത്ത കല്ലായുധങ്ങൾ ഉപയോഗിച്ചു.
   - ഗുഹകളിലും തുറസ്സായ സ്ഥലങ്ങളിലും താമസിച്ചു.
   - നായാട്ടും ശേഖരണവുമായിരുന്നു ഉപജീവനമാർഗ്ഗം.
   - സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റ് 'ബാൻഡുകൾ' (Bands) ആയിരുന്നു.
   - ഭക്ഷണം സംഭരിച്ചുവെച്ചിരുന്നില്ല.
9. എന്താണ് ബാൻഡുകൾ (Bands)?
   - നൂറിൽ താഴെ അംഗങ്ങളുള്ള ചെറിയ ഗ്രൂപ്പുകളെയാണ് ബാൻഡുകൾ എന്ന് വിളിക്കുന്നത്.
   - രക്തബന്ധത്താൽ ബന്ധിക്കപ്പെട്ടവരായിരുന്നു ഈ കൂട്ടത്തിലെ അംഗങ്ങൾ.
10. പ്രധാന പ്രാചീന ശിലായുഗ കേന്ദ്രങ്ങൾ ഏവ?
    - ലാസ്കോ – ഫ്രാൻസ്, ഷോവെ – ഫ്രാൻസ്, കുസാക്ക് – ഫ്രാൻസ്, സറൈസ്ക് – റഷ്യ, ലാ ഗർമ – സ്പെയിൻ.
11. മധ്യശിലായുഗത്തിലെ ജീവിതരീതിയെക്കുറിച്ച് കുറിപ്പ് എഴുതുക.
    - 'മെസോലിത്തിക്' എന്ന വാക്ക് 'മെസോസ്' (മധ്യം), 'ലിത്തോസ്' (ശില) എന്നീ രണ്ട് ഗ്രീക്ക് വാക്കുകളിൽ നിന്നാണ് ഉണ്ടായത്.
    - പുരാശിലായുഗത്തെ അപേക്ഷിച്ച് ചെറിയ ആയുധങ്ങളാണ് ഇവിടെ ഉപയോഗിച്ചത്.

- വളരെ ചെറിയ ആയുധങ്ങളായ 'മൈക്രോലിത്തുകൾ' (Microliths) ഉപയോഗിച്ചിരുന്ന കാലഘട്ടമാണിത്.
- മനുഷ്യ ആശയവിനിമയം വികാസം പ്രാപിച്ചത് ഈ കാലഘട്ടത്തിലാണ്.

12. പ്രധാന മധ്യശിലായുഗ കേന്ദ്രങ്ങൾ ഏവ?
    - ഭീംബേട്ക, ലഖാജോർ, കത്തോതിയ (മധ്യപ്രദേശ്), സ്റ്റാർ കാർ (ഇംഗ്ലണ്ട്), ഫാഹിയൻ ഗുഹ (ശ്രീലങ്ക), സരായ് നഹർ റായ് (ഉത്തർപ്രദേശ്).
13. മധ്യശിലായുഗത്തിന്റെ അഞ്ച് സവിശേഷതകൾ എഴുതുക.
    - മൈക്രോലിത്തുകളുടെ ഉപയോഗം.
    - നായാട്ടിനും ശേഖരണത്തിനും പുറമെ മീൻപിടുത്തവും ഉപജീവനമാർഗ്ഗമായി.
    - മൃഗങ്ങളെ മെരുക്കി വളർത്തുന്നതിന്റെ സൂചനകൾ.
    - വിനോദങ്ങൾ.
    - ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനം.
14. നവീന ശിലായുഗത്തിലെ ജീവിതരീതിയെക്കുറിച്ച് കുറിപ്പ് എഴുതുക.
    - മനുഷ്യജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായ കാലഘട്ടമാണിത്.
    - 'നിയോലിത്തിക്' എന്ന വാക്ക് 'നിയോസ്' (പുതിയ), 'ലിത്തോസ്' (ശില) എന്നിവയിൽ നിന്ന് വന്നതാണ്.
    - മിനുസപ്പെടുത്തിയ ആയുധങ്ങൾ ഉപയോഗിച്ചു.
    - കൃഷിയും മൃഗപരിപാലനവും പുതിയ ജീവിതരീതികളായി മാറി.
15. നവീന ശിലായുഗത്തിലെ മാറ്റങ്ങളെ ഗോർഡൻ ചൈൽഡ് 'നവീന ശിലായുഗ വിപ്ലവം' എന്ന് വിളിക്കാൻ കാരണമെന്ത്?
    - കൃഷിയും മൃഗപരിപാലനവും സ്ഥിരതാമസത്തിന് കാരണമായി, അങ്ങനെ കാർഷിക ഗ്രാമങ്ങൾ നിലവിൽ വന്നു.
    - മൺപാത്ര നിർമ്മാണവും ഇഷ്ടികകളുടെ ഉപയോഗവും വഴി ധാന്യങ്ങൾ സംഭരിക്കാൻ സാധിച്ചു.
    - മൺപാത്ര നിർമ്മാണം, നെയ്ത്ത് തുടങ്ങിയ പുതിയ തൊഴിലുകളിൽ ഏർപ്പെട്ടു.
    - ഇത് സാമൂഹിക ഘടനയിൽ വലിയ മാറ്റങ്ങൾ വരുത്തി.
16. പ്രധാന നവീന ശിലായുഗ കേന്ദ്രങ്ങൾ ഏവ?
    - ജെറിക്കോ (പാലസ്തീൻ), ജാർമോ (കുർദിസ്ഥാൻ), അലി കോഷ് (ഇറാൻ), മെഹർഗഡ് (ബലൂചിസ്ഥാൻ).
17. നവീന ശിലായുഗത്തിൽ മനുഷ്യനെ കൃഷിയിലേക്കും മൃഗപരിപാലനത്തിലേക്കും നയിച്ച ഘടകങ്ങൾ ഏവ?

OXFORD

- ജനസംഖ്യാ വർദ്ധനവ്.
- സ്ഥിരതാമസ കേന്ദ്രങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്.
- സങ്കീർണ്ണമായ സാമൂഹിക സംഘടന.
- ഭക്ഷണത്തിന്റെ ദൗർലഭ്യം.
- സാങ്കേതികവിദ്യയിലെ മാറ്റങ്ങൾ.

18. ലോഹയുഗത്തെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.
    - കല്ലിന് പകരം ലോഹങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയതോടെ ലോഹയുഗം ആരംഭിച്ചു.
    - മനുഷ്യൻ ആദ്യമായി ഉപയോഗിച്ച ലോഹം ചെമ്പ് (Copper) ആണ്.
    - കാറ്റൽ ഹൂയൂക്ക് (ടർക്കി), ചയോനു (സിറിയ), അലി കോഷ് (ഇറാൻ) തുടങ്ങിയ ആദ്യകാല കാർഷിക ഗ്രാമങ്ങളിൽ ചെമ്പിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.
19. എന്താണ് താമ്രശിലായുഗം (Chalcolithic Age)?
    - ചെമ്പ് ആയുധങ്ങളും കല്ലായുധങ്ങളും ഒരേപോലെ ഉപയോഗിച്ചിരുന്ന കാലഘട്ടമാണിത്.
    - ഇന്ത്യയിൽ രാജസ്ഥാൻ, മധ്യപ്രദേശ്, മഹാരാഷ്ട്ര (ദൈമാബാദ്, നെവാസ) എന്നിവിടങ്ങളിൽ ഇതിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
20. എന്താണ് വെങ്കലയുഗം?
    - ചെമ്പും ടിന്നും ചേർത്തുണ്ടാക്കുന്ന ലോഹസങ്കരമാണ് വെങ്കലം.
    - വിസ്താരമുള്ള തെരുവുകൾ, പൊതുമന്ദിരങ്ങൾ, വിനോദങ്ങൾ എന്നിവ ഈ കാലത്ത് ആരംഭിച്ചു.
    - ഹാരപ്പൻ സംസ്കാരം, മോഹൻജൊദാരോ, ലോത്തൽ എന്നിവ വെങ്കലയുഗത്തിൽ ഉൾപ്പെടുന്നു.
21. ഹാരപ്പൻ സംസ്കാരത്തെ 'ആദ്യ നഗരവൽക്കരണം' എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?
    - ആസൂത്രിതമായ പൊതുമന്ദിരങ്ങൾ, വലിയ സ്നാനഘട്ടം, വീടുകൾ, തെരുവുകൾ, അഴുക്കുചാൽ സംവിധാനം, ധാന്യപ്പുരകൾ, വിവിധയിനം കരകൗശല വിദ്യകൾ, വ്യാപാരം എന്നിവ ഇതിന് തെളിവാണ്.
22. വേദകാലഘട്ടത്തിലെ രണ്ട് വിഭാഗങ്ങൾ ഏവ?
    - ആദ്യകാല വേദകാലഘട്ടം: ഋഗ്വേദം രചിക്കപ്പെട്ട കാലം.
    - പിന്നീടുള്ള വേദകാലഘട്ടം: യജുർ, സാമ, അഥർവ്വ വേദങ്ങൾ രചിക്കപ്പെട്ട കാലം.
23. ആദ്യകാല വേദകാലഘട്ടവും പിൽക്കാല വേദകാലഘട്ടവും തമ്മിലുള്ള നാല് വ്യത്യാസങ്ങൾ താരതമ്യം ചെയ്യുക.
    - ആദ്യകാല വേദകാലഘട്ടം: സപ്ത സിന്ധു പ്രദേശം, കന്നുകാലി വളർത്തൽ സമ്പദ്‌വ്യവസ്ഥ, പാതി നാടോടി ജീവിതം, സ്ത്രീകൾക്ക് ഉയർന്ന സാമൂഹിക പദവി.

- പിൽക്കാല വേദകാലഘട്ടം: ഗംഗാസമതലം വരെ വ്യാപിച്ചു, കൃഷിക്ക് പ്രാധാന്യം, സ്ഥിരതാമസം, സ്ത്രീകളുടെ പദവി താഴ്ന്നു.

24. എന്താണ് വർണ്ണവ്യവസ്ഥ?
    - ബ്രാഹ്മണർ: പൂജ കർമ്മങ്ങളിൽ ഏർപ്പെട്ടവർ.
    - ക്ഷത്രിയർ: രാജ്യം ഭരിക്കുകയും സംരക്ഷിക്കുകയും ചെയ്തവർ.
    - വൈശ്യർ: കൃഷിയിലും വ്യാപാരത്തിലും ഏർപ്പെട്ടവർ.
    - ശൂദ്രർ: മേൽപ്പറഞ്ഞ മൂന്ന് വിഭാഗങ്ങളെയും സേവിച്ചിരുന്നവർ.
25. താഴെ പറയുന്ന സ്ഥലങ്ങൾ ഏത് ശിലായുഗത്തെ പ്രതിനിധീകരിക്കുന്നു?
    - നെവാസ – താമ്രശിലായുഗം
    - ഷോവെ – പുരാശിലായുഗം
    - ദൈമാബാദ് – താമ്രശിലായുഗം
    - ജാർമോ – നവശിലായുഗം
    - ലഖാജോർ – മധ്യശിലായുഗം

OXFORD